മേഖലകളിൽ പണിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികൾ ടി പദ്ധതിയിൽ രജിസ്റ്റർ ചെയ്യുവരുന്നു. അന്യസംസ്ഥാന തൊഴിലാളികൾ നിർബന്ധമായും രജിസ്റ്റർ ചെയ്യണമെന്ന നിബന്ധനയില്ലാത്തതിനാൽ ഇതുവരെ 49706 അന്യസംസ്ഥാന തൊഴിലാളികളാണ് ടി പദ്ധതിയിൽ അംഗത്വമെടുത്തിട്ടുള്ളത്. എന്നാൽ അന്യസംസ്ഥാന തൊഴിലാളികൾ നിർബന്ധമായും അംഗത്വം എടുത്തിരിക്കണമെന്ന് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടില്ല.

(ബി) തൽക്കാലം പരിഗണനയിലില്ല.

ശരണ്യപദ്ധതി

164 (2373) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശരണ്യ പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ ;

(ബി) ശരണ്യ പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചു ; പദ്ധതി പ്രകാരം എത്രപേർക്ക് ആനുകൂല്യം നൽകി ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുക ; വിശദമാക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തതും, പ്രായം 18-നും 55-നും മധ്യേയുള്ള വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപ്പെടുത്തിയവർ, മുപ്പത് വയസ്സ് കഴിഞ്ഞ അവിവാഹിതർ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭർത്താവ് ഉപേക്ഷിച്ച് പോയവർ എന്നീ വിഭാഗത്തിലുള്ള വനിതകളെയാണ് ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിനായി തെരഞ്ഞെടുക്കുന്നത്. ഈ നിബന്ധനകൾ പാലിക്കുന്ന വനിതകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സമർപ്പിക്കുന്ന അപേക്ഷകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ പ്രാഥമിക പരിശോധനയ്ക്കുശേഷം പദ്ധതി പ്രകാരം വായ്പയ്ക്ക് ശുപാർശ ചെയ്യുന്നതിനായി രൂപീകരിച്ചിട്ടുള്ള ജില്ലാതല കമ്മിറ്റിയുടെ പരിശോധനയ്ക്ക് സമർപ്പിക്കുന്നു. ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ കൺവീനറും, ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ,

LIBRARY ARCHIVES Kerala Legislative Assembly

കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, ജില്ലാ വ്യവസായ കേന്ദ്രം മാനേജർ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ, സെൽഫ് എംപ്ലോയ്മെന്റ് ഓഫീസർ എന്നിവർ മെമ്പർമാരായിട്ടുള്ള ജില്ലാതല കമ്മിറ്റി അപേക്ഷകരെ കൂടിക്കാഴ്ചയ്ക്ക് ക്ഷണിക്കുകയും പ്രോജക്ട് നടപ്പിലാക്കാൻ സാധ്യമാണോയെന്നും അംഗങ്ങളുടെ സംരംഭകത്വശേഷി, പ്രോജക്ടിന്റെ വിജയസാധ്യത, അംഗങ്ങളുടെ വായ്പ തിരിച്ചടയ്ക്കുവാനുള്ള കഴിവ് എന്നീ കാര്യങ്ങൾ പരിശോധിച്ച് വായ്പ നൽകുന്നതിനായി തെരഞ്ഞെടുക്കുന്നു. കമ്മിറ്റി പാസ്സാക്കിയ അപേക്ഷകർക്ക് സൗജന്യ സംരംഭകത്വ വികസന പരിശീലനം നൽകിയശേഷം വായ്പ അനുവദിക്കുന്നു.

(ബി) ശരണ്യ പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ നിന്നും ആകെ 1502 അപേക്ഷകൾ ലഭിച്ചു. ഇതിൽ നിന്നും 1174 അപേക്ഷകർക്ക് 5,37,28,000 രൂപ വായ്പ ഇനത്തിൽ അനുവദിച്ചു. ബാക്കിയുള്ള അപേക്ഷകൾ ജില്ലാതല കമ്മിറ്റി നിരസിച്ചവരുടെയും, ജില്ലാതല കമ്മിറ്റിയ്ക്കോ, ടെയിനിംഗിനോ ഹാജരാകാതിരുന്നവരുടെയുമാണ്.

(സി) ശരണ്യ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് പരമാവധി 50,000 രൂപവരെ പലിശരഹിത വായ്പ അനുവദിക്കുന്നു. വായ്പാ തുകയുടെ 50 ശതമാനം പരമാവധി 25,000 രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നു. പ്രോജക്ട് നോക്കി ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. 50,000 രൂപയിൽ കൂടുതൽ വായ്പ ആവശ്യമുള്ളവർ 50,000 രൂപയ്ക്ക് മേലുള്ള തുകയുടെ 10 ശതമാനം ഗുണഭോക്തൃ വിഹിതമായി നൽകേണ്ടതും, 3 ശതമാനം പലിശ (ഫ്ലാറ്റ് നിരക്കിൽ) 50,000 രൂപയ്ക്കുമേലുള്ള സംഖ്യയ്ക്ക് നൽകേണ്ടതുമാണ്. ഇവർക്ക് സൗജന്യ സംരംഭകത്വ വികസന പരിശീലനം നൽകുന്നുണ്ട്.

സുരക്ഷാ കേരളം പദ്ധതി

165 (2374) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. വി. ശശി :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly